# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1344 — 20/01/14-ൽ മറുപടിക്ക്

### അവശ്യ വസ്തുക്കളുടെ വിലനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2011 മാർച്ചിൽ സംസ്ഥാനത്ത് അവശ്യ വസ്തുക്കളുടെ വിലനിലവാരം പൊതുവിപണിയിൽ എന്തായിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | എ) 2011 മാർച്ച് മാസത്തിലെ അവശ്യ വസ്തുക്കളുടെ പൊതുവിപണിയിലെ ചില്ലറ വിലനിലവാരം ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ലഭ്യമാക്കിയത് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം I ) |
| ബി) അവശ്യ വസ്തുക്കളുടെ വില 2013 ഡിസംബർ മാസം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | ബി) 2013 ഡിസംബർ മാസത്തിലെ അവശ്യ വസ്തുക്കളുടെ പൊതു വിപണിയിലെ ചില്ലറ വിലനിലവാരം ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ലഭ്യമാക്കിയത് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം I I ) |

| | | | |
|---|---|---|---|
| സി) | അവശ്യ വസ്തുക്കളുടെ വില വർദ്ധനവിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; | സി) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ആവശ്യകതയുടെ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന പ്രതികൂല കാലാവസ്ഥ. പെട്രോൾ, ഡീസൽ വിലവർദ്ധനവ്, കയറ്റിറക്ക് കൂലിച്ചെലവിലുണ്ടാകുന്ന വർദ്ധനവ് മുതലായവ അവശ്യവസ്തുക്കളുടെ വിലയിലും ആനുപാതികമായ വർദ്ധനവുണ്ടാക്കുന്നു.. ഇത്തരത്തിൽ അന്യസംസ്ഥാനങ്ങളിലെ വിപണിയിലുണ്ടാകുന്ന നേരിയ ചലനങ്ങൾ പോലും നമ്മുടെ സംസ്ഥാനത്തെ അവശ്യ വസ്തുക്കളുടെ വിലയിൽ പ്രതിഫലിക്കാറുണ്ട്. കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് മുതലായവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിക്കുന്നതും വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. |
| ഡി) | 2010 ഡിസംബറിൽ എത്ര ക്രിസ്തുമസ് ചന്തകൾ സിവിൽ സപ്ലൈസിന്റെയും കൺസ്യൂമർ ഫെഡിന്റെയും നേതൃത്വത്തിൽ പ്രവർത്തിച്ചു ; | ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2010 ഡിസംബറിൽ ജില്ലാതലത്തിൽ 6 ഉം താലൂക്ക് തലത്തിൽ 63 ഉം ക്രിസ്തുമസ് ചന്തകൾ നടത്തി. കൺസ്യൂമർ ഫെഡിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| ഇ) | 2013-ൽ എത്ര ക്രിസ്തുമസ് ചന്തകളാണ് പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കാമോ ; | ഇ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2013-ൽ മെട്രോ ഫെയറുകൾ-6, ജില്ലാതല ഫെയറുകൾ-8, സ്പെഷ്യൽ ഫെയറുകൾ-3 എന്നിവയ്ക്ക് പുറമെ 389 ക്രിസ്തുമസ് മാർക്കറ്റുകൾ ഉൾപ്പെടെ 406 ക്രിസ്തുമസ് ചന്തകൾ നടത്തിയിട്ടുണ്ട്. |

എഫ്) റേഷൻ കടകൾ വഴി 2013 നവംബർ, ഡിസംബർ മാസങ്ങളിൽ എത്ര കിലോ അരി, ഗോതമ്പ്, പഞ്ചസാര എന്നിവ കാർഡുടമകൾക്ക് നല്കി എന്ന് വ്യക്തമാക്കുമോ ?

എഫ്) 2013 നവംബർ, ഡിസംബർ മാസങ്ങളിൽ റേഷൻ കടകൾ വഴി കാർഡുടമയ്ക്ക് നൽകിയ ഭക്ഷ്യ ധാന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കാർഡിന്റെ ഇനം | ഭക്ഷ്യ ധാന്യം | 2013 നവംബർ | | 2013 ഡിസംബർ | |
|---|---|---|---|---|---|
| | | അളവ് (കി.ഗ്രാം) | വില (രൂപ) | അളവ് (കി.ഗ്രാം) | വില (രൂപ) |
| APL | അരി | 9 | 8.90/കി.ഗ്രാം | 9 | 8.90/കി.ഗ്രാം |
| APL (SS) | അരി | 9 | 2/കി.ഗ്രാം | 9 | 2/കി.ഗ്രാം |
| BPL | അരി | 25 | 1/കി.ഗ്രാം | 25 | 1/കി.ഗ്രാം |
| | ഗോതമ്പ് | 5 | 2/കി.ഗ്രാം | 5 | 2/കി.ഗ്രാം |
| | പഞ്ചസാര | 400gm/ member | 13.50/കി.ഗ്രാം | 400gm/ member | 13.50/കി.ഗ്രാം |
| AAY | അരി | 35 | 1/കി.ഗ്രാം | 35 | 1/കി.ഗ്രാം |
| | പഞ്ചസാര | 400gm/ member | 13.50/കി.ഗ്രാം | 400/gm /member | 13.50/കി.ഗ്രാം |
| അന്നപൂർണ്ണ | അരി | 10 | - | 10 | - |

Beenau

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**